പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6989 13.7.2012 ന് മറുപടിക്ക്

## സഹകരണ മേഖലയിലെ ചെറുകിട തൊഴിൽ സംരംഭങ്ങളെ ഇ.എസ്.ഐ ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| എ)മൂലധന നഷ്ടമുണ്ടായിട്ടും കടക്കെണിയിൽ അകപ്പെട്ടിട്ടും തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുവാനും തൊഴിൽ സംരക്ഷണം നൽകുവാനും തയ്യാറാകുന്ന സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര ചെറുകിട തൊഴിൽ സംരംഭങ്ങൾ ഇ.എസ്.ഐ. ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) 1.1.2012 മുതൽ 30.6.2012 വരെയുള്ള കാലയളവിൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് 16 ചെറുകിട സഹകരണ തൊഴിൽ സംരംഭ സ്ഥാപനങ്ങൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത നിവേദനങ്ങളിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) നിലവിലെ ഇ.എസ്.ഐ നിയമത്തിന്റെ അടിസ്ഥാനത്തിൽ 9 നിവേദനങ്ങളിലെ ഇ.എസ്.ഐ.പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ചു. 7 നിവേദനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുകയാണ്. |

സി)കേന്ദ്ര നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇത്തരം തൊഴിൽ സംരംഭങ്ങളെ ഇ.എസ്.ഐ ബാദ്ധ്യതകളിൽ നിന്നും എങ്ങനെ ഒഴിവാക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

സി) ഇ.എസ്.ഐ നിയമത്തിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങളെ ഒഴിവാക്കേണ്ടതിന് സ്വീകരിക്കേണ്ട ഏകമാനദണ്ഡം സ്ഥാപനങ്ങൾ അതിലെ ജീവനക്കാർക്ക്/തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ഇ.എസ്.ഐ. പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങൾക്ക് സമാനമോ അല്ലെങ്കിൽ അതിനേക്കാൾ മുന്തിയതോ ആയിരിക്കണമെന്നതും മറ്റൊന്നും ആയിരിക്കരുതെന്നും ആണ്.

സെക്ഷൻ ഓഫീസർ